ലഭ്യമാക്കുന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറുമാസത്തെ പാസ്പോർട്ടുള്ള മേൽപ്പറയുന്ന രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക.

(ഡി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അത് ചുവടെ ചേർക്കുന്നു :

വർഷം	വരുമാനം (കോടിയിൽ)
2011	19037
2012	20430
2013	22926.6
2014	24885.4

കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റി

345 (1011) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി പ്രസ്തുത സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ചത് ഏത് വർഷത്തിലായിരുന്നു ; എത്ര കോടി രൂപയുടെ പദ്ധതിയായിരുന്നു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നത് ; എത്ര കോടി രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടൂറിസം വകപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്കു കൈമാറാത്തത് കേന്ദ്ര ഗവൺമെന്റ് പണം അനുവദിക്കാതിരിക്കുന്നതിന് കാരണമായിട്ടുണ്ടോ ; ഇക്കാര്യത്തിൽ എവിടെയാണ് വീഴ്ച സംഭവിച്ചത് ;

(ഇ) ഭൂമി എത്രയും പെട്ടെന്ന് കൈമാറി, കേന്ദ്ര ഫണ്ട് വിനിയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. 17-5-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 134/13/ടൂറിസം പ്രകാരം വ്യവസായ വകപ്പിൽ നിന്നും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് ടൂറിസം വകപ്പിന് കൈമാറിയ ഭൂമി വിൽക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ, പാട്ടത്തിന് കൊടുക്കുന്നതിനോ, പണയപ്പെടുത്തുന്നതിനോ കഴിയുന്നതല്ല. ആയതിനാൽ പ്രസ്തുത ഭൂമി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ല.

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത് 2007- ലാണ്. 15.65 കോടി രൂപയുടെ പദ്ധതിയാണ്. കേന്ദ്ര വിഹിതമായ 10 കോടിയിൽ ഇനിയും 6 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്.

(ഡി) ടൂറിസം വകപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്ക് നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് കൈമാറാൻ കഴിയാത്തതിനാൽ കേന്ദ്ര വിഹിതത്തിന്റെ രണ്ടാമത്തെ ഗഡുവായ 6 കോടി രൂപ ലഭിച്ചിട്ടില്ല. മറ്റ് വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്

346 (1012) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രസ്തുത ചിൽഡ്രൻസ് പാർക്കിന്റെ പ്രത്യേകതകൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly